LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) 22-1-2014-ലെ ഗവൺമെന്റ് ഉത്തരവ് ജി.ഒ. (പി) നമ്പർ 03/2014/ടാൻ പ്രകാരം പൊന്നാനി-ചേളാരി റൂട്ട് ദേശസാൽക്കരിക്കപ്പെട്ടിരിക്കുന്നു. 16-7-2013-ലെ ഗവൺമെന്റ് ഉത്തരവ് ജി.ഒ.(പി) 73/2013/ടാൻ പ്രകാരം ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർ ഡീലക്സ്, ആഡംബര സർവ്വീസ് എന്നീ തരത്തിലുള്ള സ്റ്റേജ് കാര്യേജ് സർവ്വീസുകൾ നടത്താനുള്ള അധികാരം കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി നിജപ്പെടുത്തിയിരുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി.-ക്ക് ഈ രണ്ടു സ്കീമുകളും ഒറ്റയടിക്ക് നടപ്പിലാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ടും കാലതാമസവും ബോദ്ധ്യപ്പെട്ടതിനാൽ യാത്രക്കാരായ പൊതുജനങ്ങളുടെ സൗകര്യാർത്ഥം മേൽപ്പറഞ്ഞ 2 സ്കീമുകളിൽ ഉൾപ്പെട്ടിരുന്ന സ്വകാര്യ വാഹനങ്ങൾക്ക് താൽക്കാലിക പെർമിറ്റ് നൽകാൻ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്ക് 17-7-2014-ലെ സർക്കാർ കത്ത് നമ്പർ 10689/ബി1/2014/ടാൻ തീയതി പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസുകൾക്ക് വിധേയമായാണ് പ്രസ്തുത നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിരുന്നത്.

(സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി) ദേശസാൽക്കരണം അട്ടിമറിക്കപ്പെടാനുള്ള സാഹചര്യം നിലവിലില്ല.

റോഡ് സേഫ്റ്റി ബിൽ

344 (2219) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ റോഡ് ഗതാഗത രംഗത്ത് റോഡ് സേഫ്റ്റി ബിൽ എന്ന പേരിൽ ഒരു പുതിയ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളെ ദോഷകരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കരട് ബില്ലിലെ വ്യവസ്ഥകൾ സംസ്ഥാന സർക്കാരിന്റെ റോഡ് ഗതാഗതമേഖലയിലുള്ള അധികാരം വെട്ടിച്ചുരുക്കുമെന്ന കാര്യം അറിയാമോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്.

(സി) അറിയാം.

(ഡി) ബില്ലിനെതിരായ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

പുതിയ താലൂക്ക് ആസ്ഥാനങ്ങളിൽ ആർ.റ്റി.ഒ. സബ് ഓഫീസുകൾ

345 (2220) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആരംഭിച്ച താലൂക്ക് ആസ്ഥാനങ്ങളിൽ ആർ.റ്റി.ഒ. സബ് ഓഫീസുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം ഗതാഗത വകുപ്പിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടി ധനകാര്യ വകുപ്പിൽ സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(സി) മലപ്പുറം ജില്ലയിലെ പുതിയ കൊണ്ടോട്ടി താലൂക്ക് കേന്ദ്രമായി ഒരു സബ് ആർ.ടി.ഒ. ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പരിശോധിച്ചു വരുന്നു.

ഗതാഗത നിയമലംഘനം

346 (2221) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത നിയമ ലംഘനം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം നിയമ ലംഘനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സോഷ്യൽ മീഡിയകളെ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെയെന്നും അവയുടെ പ്രവർത്തന രീതികൾ എങ്ങനെയാണെന്നും വിശദമാക്കുമോ ;

(സി) സോഷ്യൽ മീഡിയകൾ വഴി മോട്ടോർ വാഹന വകുപ്പിന് എത്ര പരാതികൾ ലഭിച്ചെന്നും അവ ഏതൊക്കെ സോഷ്യൽ മീഡിയകൾ വഴിയാണെന്നും അവയിൽ സ്വീകരിച്ച നിയമ നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ?